"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കാവശ്ശേരി കെ.സി.പി. ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C) No.36834/2023-മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 23/11/2023-ലെ ഇടക്കാല വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.2494/2024/GEDN തീയതി, തിരുവനന്തപുരം, 30-03-2024**

പരാമർശം:-
1. പാലക്കാട് കാവശ്ശേരി കെ.സി.പി. ഹയർ സെക്കൻഡറി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 20/11/2021 തീയതിയിലെ പുന:പരിശോധനാ ഹർജി(Ext.P4).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 36834/2023-മേലുള്ള 23/11/2023-തീയതി ഇടക്കാല വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കൻഡറി വിഭാഗം) 10/01/2024 തീയതിയിലെ എസിഡി. സി1/214829/2021/എച്ച്എസ്സ്ഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് കാവശ്ശേരി കെ.സി.പി. ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C)No.36834/2023-മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 ഇടക്കാല വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P4) പുന:പരിശോധനാ ഹർജി തീർപ്പാക്കുന്നതിന് ടി റിട്ട് ഹർജിയിലെ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

**2.** ടി സ്കൂളിൽ രണ്ട് എച്ച്.എസ്സ്.എസ്സ്.റ്റി.(കൊമേഴ്സ്)(ജൂനിയർ) തസ്തികകളിലേയ്ക്ക് അധ്യാപക നിയമനത്തിനായാണ് ഗവൺമെന്റ് നോമിനിയായി ശ്രീ.നാസറുദ്ദീൻ എ.യെ അനുവദിച്ച് സ.ഉ.(സാധാ)നം. 5163/2021/പൊവിവ തീയതി 16/11/2021 പ്രകാരം സർക്കാർ ഉത്തരവായിരുന്നത് എന്നും, എന്നാൽ ഒരു എച്ച്.എസ്സ്.എസ്സ്.റ്റി.(കൊമേഴ്സ്)(ജൂനിയർ) തസ്തികയിലേയ്ക്കും ഒരു എച്ച്.എസ്സ്.എസ്സ്.റ്റി.(ഇക്കണോമിക്സ്)(ജൂനിയർ) തസ്തികയിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പിനാണ് മാനേജർ അപേക്ഷ സമർപ്പിച്ചിരുന്നത് എന്നും, ആയതിനാൽ ടി സർക്കാർ ഉത്തരവ് തിരുത്തി ഒരു എച്ച്.എസ്സ്.എസ്സ്.റ്റി.(കൊമേഴ്സ്)(ജൂനിയർ) തസ്തികയിലേയ്ക്കും ഒരു എച്ച്.എസ്സ്.എസ്സ്.റ്റി.(ഇക്കണോമിക്സ്)(ജൂനിയർ) തസ്തികയിലേയ്ക്കും നേരിട്ടുള്ള നിയമനത്തിന് ഗവൺമെന്റ് നോമിനിയായി ശ്രീ നാസറുദ്ദീൻ എ.യെ നിയോഗിച്ച് ഉത്തരവ് നല്കണമെന്നും പരാമർശം 1(Ext. P4) പുന:പരിശോധനാ ഹർജിയിൽ അപേക്ഷിച്ചിട്ടുണ്ട്.

**3.** സ.ഉ (സാധാ) നം. 5163/2021/പൊവിവ തീയതി 16/11/2021

പുറപ്പെടുവിക്കുവാൻ ആധാരമായ ടി സ്കൂൾ മാനേജരുടെ അപേക്ഷയിൽ ഒരു എച്ച്.എസ്സ്.എസ്സ്.റ്റി.(കൊമേഴ്സ്)(ജൂനിയർ) തസ്തികയിലേയ്ക്കും ഒരു എച്ച്.എസ്സ്.എസ്സ്.റ്റി.(ഇക്കണോമിക്സ്)(ജൂനിയർ) തസ്തികയിലേയ്ക്കും നേരിട്ടുള്ള നിയമനത്തിന് ഗവൺമെന്റ് നോമിനിയായി ശ്രീ നാസറുദ്ദീൻ എ.യെ നിയോഗിച്ച് ഉത്തരവാകാനായിരുന്നു അപേക്ഷ സമർപ്പിച്ചത്. എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിഭാഗം) ടി സ്കൂളിൽ ഒഴിവുള്ള രണ്ട് എച്ച്.എസ്സ്.എസ്സ്.റ്റി.(കൊമേഴ്സ്)(ജൂനിയർ) തസ്തികകളിലേയ്ക്ക് അധ്യാപക നിയമനത്തിനായാണ് ഗവൺമെന്റ് നോമിനിയായി ശ്രീ നാസറുദ്ദീൻ എ.യെ നിയോഗിച്ച് ഉത്തരവ് നൽകണമെന്നായിരുന്നു ശിപാർശ ചെയ്തത്. അപ്രകാരമാണ് സ.ഉ.(സാധാ)നം. 5163/2021/പൊവിവ തീയതി 16/11/2021 പുറപ്പെടുവിച്ചത്. അതിനാൽ, ഇക്കാര്യത്തിൽ വിശദീകരണം സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം)നോട് നിർദ്ദേശിച്ചതിന്റെ അടസ്ഥാനത്തിൽ ടി ഓഫീസർ പരാമർശം 3 പ്രകാരം വിശദീകരണം സമർപ്പിച്ചിട്ടുണ്ട്.

**5.** സർക്കാർ ഇക്കാര്യം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2023-2024 വർഷത്തിലേയ്ക്ക് എയ്ഡഡ് സ്കൂൾ നിയമനങ്ങൾക്ക് ഗവൺമെന്റ് നോമിനിയുടെ പാനൽ അംഗീകരിച്ച് പുറപ്പെടുവിച്ച 18/07/2023-ലെ സ.ഉ.(സാധാ)നം.4153/2023/പൊ.വി.വ. ഉത്തരവിൽ ശ്രീ നാസറുദ്ദീൻ എ.യെ 17-ാമതായി ഉൾ പ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പാലക്കാട് കാവശ്ശേരി കെ.സി. പഴനിമല ഹയർ സെക്കൻഡറി സ്കൂളിൽ ഒഴിവുള്ള ഒരു എച്ച്.എസ്സ്.എസ്സ്.റ്റി.(കൊമേഴ്സ്)(ജൂനിയർ) തസ്തികയിലേയ്ക്കും ഒരു എച്ച്.എസ്സ്.എസ്സ്.റ്റി.(ഇക്കണോമിക്സ്)(ജൂനിയർ) തസ്തികയിലേയ്ക്കും നിയമനം നടത്തുന്നതിന് ഇന്റർവ്യൂ ബോർഡിൽ സർക്കാർ നോമിനിയായി, അഡിഷണൽ സെക്രട്ടറി ശ്രീ നാസറുദ്ദീൻ എ. (PEN 101371) യെ നിയോഗിച്ച്, പാലക്കാട് കാവശ്ശേരി കെ.സി.പി. ഹയർ സെക്കൻഡറി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം (1)(Ext. P4) പുന:പരിശോധനാ ഹർജി തീർപ്പാക്കി, അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം.
ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലാ ഉപഡയറക്ടർ,
സിവിൽ സ്റ്റേഷൻ, മലപ്പുറം.
ശ്രീ. നാസറുദ്ദീൻ എ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ബയോഡൈവേഴ്സിറ്റി
ബോർഡ്, കവടിയാർ പി ഒ, തിരുവനന്തപുരം.
മാനേജർ, കെ.സി.പി. ഹയർ സെക്കൻഡറി സ്കൂൾ, കാവശ്ശേരി,
പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 01-04-2024 11:01:41
സെക്ഷൻ ഓഫീസർ